പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 6900 — 10.07.2014 ൽ മറുപടിക്ക്

അന്യസംസ്ഥാന തൊഴിലാളികളുടെ പ്രശ്നങ്ങൾ കാര്യക്ഷമമായി നേരിടാൻ നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ചിറ്റയം ഗോപകുമാർ | ശ്രീ. ഷിബു ബേബി ജോൺ<br>തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി |
| (എ) ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ നടത്തിയ പഠനപ്രകാരം സംസ്ഥാനത്ത് 25 ലക്ഷത്തോളം അന്യസംസ്ഥാന തൊഴിലാളികൾ ഉണ്ടെന്നുള്ള വിവരം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ ഉണ്ട്. |
| (ബി) അന്യസംസ്ഥാന തൊഴിലാളി കളുടെ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് വകുപ്പിൽ പ്രത്യേകമായ വിഭാഗം ഇവർക്കായി ആരംഭിക്കുന്ന തിനുള്ള നടപടി സ്വീകരി ക്കുമോ; | (ബി) ഇതിനകം നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിലേയ്ക്കായി സമർപ്പിച്ച 2013 - ലെ കേരള മൈഗ്രന്റ് വർക്കേഴ്സ് സോഷ്യൽ സെക്യൂരിറ്റി ബിൽ സർക്കാരിന്റെ പരിഗണനയിലുണ്ട്. ഇതിനായി ലേബർ വകുപ്പിൽ പ്രത്യേക വിഭാഗം ആരംഭിച്ചിട്ടില്ല. എന്നാൽ കേരള നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിലെ 'ഉദ്യോഗസ്ഥർക്ക് ഇക്കാര്യത്തിൽ ചുമതലയുള്ളതും അവർ ഈ ചുമതല നിർവ്വഹിച്ചുവരുന്നതുമാണ്. |

| | |
|---|---|
| (സി) നിലവിൽ അന്യസംസ്ഥാന തൊഴിലാളികളുടെ തൊഴിൽ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് വകുപ്പിന്റെ ഇടപെടൽ കാര്യക്ഷമമാണെന്ന് കരുതുന്നുണ്ടോ; | (സി) അന്യസംസ്ഥാന തൊഴിലാളികളുടെ തൊഴിൽ പ്രശ്നങ്ങളിൽ ലേബർ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം ഫലപ്രദമായി ഇടപെടുന്നുണ്ട്. കൂടാതെ തൊഴിൽ വകുപ്പ് ആരോഗ്യ വകുപ്പിന്റെ സഹകരണത്തോടെ ജില്ലകൾ തോറും അന്യസംസ്ഥാന തൊഴിലാളികൾ കൂടുതൽ പണിയെടുക്കുന്ന കേന്ദ്രങ്ങളിലും, താമസിക്കുന്ന സ്ഥലങ്ങളിലും മെഡിക്കൽ ക്യാമ്പുകൾ നടത്തി സൗജന്യമായി മരുന്ന് വിതരണം നടത്തുകയും, ബോധവത്ക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ **1979 -** ലെ അന്തർ സംസ്ഥാന കുടിയേറ്റ തൊഴിലാളി നിയമത്തിന്റെ അടിസ്ഥാനത്തിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം പരിശോധനകളും തുടർനടപടികളും സ്വീകരിച്ചുവരുന്നു. |
| (ഡി) ഇല്ലെങ്കിൽ ഇത് കാര്യക്ഷമമാക്കുന്ന തരത്തിൽ വകുപ്പിനെ സജ്ജമാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) സ്വീകരിക്കും. ഇതിലേയ്ക്കായി സമഗ്രമായ കേരള മൈഗ്രന്റ് വർക്കേഴ്സ് സോഷ്യൽ സെക്യൂരിറ്റി ബിൽ 2013 സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ആഫീസർ.